
കിളിക്കൂട്

# സമർപ്പണം

പ്രതിസന്ധികളുടെയും പരീക്ഷണങ്ങളുടെയും പ്രളയത്തിൽ നിന്ന് ജീവിതത്തിലേക്ക് കര കയറാനുള്ള പ്രചോദനമാകട്ടെ ഇനി വരുന്ന നാളുകൾ . എല്ലാവർക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ പ്രാർത്ഥനകളും ആശംസകളും നേരുന്നു .



# കിളിക്കൂട് -Digital Magazine



കിളിക്കൂട് -Digital Magazine

# എഡിറ്റോറിയൽ

little kites എന്ന വിജ്ഞാന വിളക്കിലെ ഒരു കൊച്ചു ദീപ പ്രഭയാണ് " കിളിക്കൂട് ". സമ്പന്നമായ ഒരു സാഹിത്യ ലോകം നമ്മുടെ മലയാള ഭാഷക്കുണ്ട്. അത് പരിചയപ്പെടാനും ഒപ്പം ശ്രദ്ധേയമായ സാഹിത്യ രചനകളിലേക്കും വൈജ്ഞാനിക മേഖലകളിലേക്കും കടന്ന് ചെല്ലാനും കുട്ടികൾക്ക് സാധിക്കണം. ഇതിന് സഹായമാവുകയാണ് ഈ മാസിക. ഈ മാസികയിലൂടെ കൈറ്റ്സിന്റെ ഒരു മേഖലയായ മലയാളം കംപ്യൂട്ടിങ് രംഗത്ത് മികവാർന്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞു എന്ന് തന്നെ പറയാം. ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികളുടെ കൂട്ടായ പ്രവർത്തനത്തിലൂടെ ഈ മാസിക നിർമാണം ഭംഗിയായി പൂർത്തീകരിക്കാൻ സാധിച്ചു. ഇതിനു വേണ്ടി സഹകരിച്ച എല്ലാ കൂട്ടുകാരോടും ഞാൻ എന്റെ നന്ദി രേഖപ്പെടുത്തുന്നു. ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ഞങ്ങളുടെ സ്കൂളിന് ലഭിച്ചതിനും അതിൽ സജീവമായി പ്രവർത്തിക്കാൻ കഴിഞ്ഞതിലും ലിറ്റിൽ കൈറ്റ്സ് അംഗമെന്ന നിലയിൽ ഞാൻ കൃതാർത്ഥനാണ് .

മാഗസിൻ എഡിറ്റേഴ്സ്

പ്രിൻസ് . റ്റി . എസ് ,ആദിത്യ രാജ് & അലൻ ഡെന്നീസ്

# ആശംസ

വിദ്യാഭ്യാസം സാങ്കേതിക വിദ്യയുടെ ശക്തി ഉപയോഗിച്ച് കുതിക്കുന്ന സന്ദർഭമാണിത്. വിദ്യാലയത്തിലെ കുട്ടികളുടെ വിവരസാങ്കേതികവിദ്യ കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സൃഷ്ടികൾ സമാഹരിച്ച് പതിപ്പാക്കുന്നതിൽ ഏറെ സന്തോഷം തോന്നുന്നു.

എല്ലാ ഭാവങ്ങളും നേരുന്നു .

സ്കൂൾ കാര്യദർശി

കെ . ആർ . ഭാസ്കരൻപിള്ള



# ആശംസ

വിവര സാങ്കേതിക വിദ്യയുടെ ചിറകു വിടർത്തി അറിവിന്റെ ആകാശയാത്ര നടത്തുമ്പോൾ നിരീക്ഷണ ബുദ്ധിയുടെ കണ്ണുകൾ മാർഗ ദർശനം നൽകട്ടെ .!

" സർവ്വ മംഗളം ഭവന്തു!"

പ്രധാനധ്യാപിക

രമാ ശിവരാമൻ



കിളിക്കൂട് -Digital Magazine

# ആശംസ

വിവര സാങ്കേതിക രംഗങ്ങളിൽ പാലേമാട് എസ് .വി . എച്ച് . എസ് . -ന്റെ തിളക്കത്തിന് മാറ്റ് കൂട്ടുവാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും അതിന് ചുക്കാൻ പിടിക്കുന്ന അധ്യാപകർക്കും കഴിയട്ടെ എന്ന് ആശംസിക്കുന്നു .



ഡെപ്യൂട്ടി . എച്ച് . എം
**കെ . എ . രജിതകുമാരി**

# എഡിറ്റോറിയൽ

## ഗ്രൂപ്പ്

- ആദിത്യ രാജ്
- അലൻ ഡെന്നീസ്
- പ്രിൻസ്. റ്റി. എസ്
- ജോബിൻ ജോസഫ്
- സഫാ. വി. പി
- ഫൈബ. വി. പി



# താളുകൾ മറിയുമ്പോൾ


- മഹത്വം മലയാളം .......................(11)............(പ്രസംഗം )
- എന്ന് സ്വന്തം നെപ്റ്റ്യൂൺ ............(13)..........(കത്ത് )
- വളരുന്ന ലോകം വരളുന്ന ഭൂമി ..........(18)......(കവിത )
- കടലാസ്സിലെ കത്ത് .................(20)................(കഥ )
- രാത്രി ..................................(22)......................(കവിത )
- അച്ഛനും മകളും ...........(24)............................(കഥ )
- ഗുരു ദക്ഷിണ ..................(26)..........................(കവിത )
- പാൽക്കാരിയുടെ സ്വപ്നം ........(27)..................(കഥ )
- എന്റെ പ്രണയം ........................(34)...............(കവിത )
- കള്ളന്റെ മനംമാറ്റം ......................(35)............(കഥ )
- സൗഹൃദം .............................................(39)......(കവിത )
- ഡോക്ടർ .എ .പി .ജെ .അബ്ദുൽ കലാം ..(41)
(ജീവചരിത്രം )

## കിളിക്കൂട് -Digital Magazine


- കാട്ടുപ്പൂവ് ..........................................(42)..........(കവിത )
- സ്റ്റീഫൻ ഹോക്കിങ്ങ് ..................(45)..............(ജീവചരിത്രം )
- കുട്ടിയും തള്ളയും ...........................(53).............(കവിത )
- പരിസ്ഥിതിദിനം ...........................(55)..............(ദിനാചരണം )
- ലഹരി ..............................................(57)..........(കവിത )
- മലയാളം മറക്കുന്ന മലയാളികൾ ........(59)......(പ്രസംഗം )
- രക്ഷകസംഘം ..................(63).........................(കഥ )
- വയനാടിന്റെ വരങ്ങൾ .........(65)....................(യാത്രാവിവരണം )
- പ്രളയം .........................................(69)..............(കവിത )
- Album.............................(71)..................(photos)

# മഹത്വം മലയാളം (പ്രസംഗം)

മാന്യരെ,

ഇന്നത്തെക്കാലത്ത് മലയാളികൾ പോലും മണ്ണിനേയും മലയാളത്തിനെയും അറപ്പോടെയും വെറുപ്പോടെയുമാണ് കാണുന്നത്. മലയാളം മാതൃഭാഷയായ കേരളത്തിൽ പോലും ഇത്തരം മലയാളത്തെ പഴിക്കുന്ന മലയാളികളെക്കാണാം.



എല്ലാവർക്കും പ്രിയം ഇംഗ്ലീഷും, മറ്റു ഭാഷകളുമാണ്. വളർന്നു വരുന്ന

കിളിക്കൂട് -Digital Magazine

പുതുതലമുറകളുടെ വാമൊഴിതന്നെ ഇംഗ്ലീഷ് ഭാഷയുടെ സ്വാധീനം ഏറെയാണ്. മണ്ണ്, മരം, തുടങ്ങിയ പദങ്ങൾ പോലും നിത്യജീവിതത്തിൽ നിന്നകലുന്നു. മാതൃഭാഷയിൽ നിന്ന് സാഹചര്യങ്ങൾ കാരണം അകറ്റപ്പെടുന്നവരെക്കാൾ യാന്ത്രികമായി അതിനെ അകറ്റുന്നവരാണിന്നേറെയും. മാതൃഭാഷയെ സ്നേഹിക്കാൻ മറന്നുപോയ മലയാളികളിൽ ചിലർക്കെങ്കിലും അതോർത്തെടുക്കാൻ കഴിയട്ടെ. മലയാളിയിൽ നിന്നും വിദേശമലയാളി എന്ന പദവിയിൽ സാഹചര്യങ്ങളാൽ എത്തിപ്പെട്ടവർക്കൊക്കെ നമ്മുടെ ഭാഷയുടെ മഹത്വം മനസ്സിലാക്കാനാകും. മാതൃഭാഷയിൽ നിന്നും സർവരും അകലാൻ ശ്രമിക്കുന്ന ഇത്തരമൊരു സാഹചര്യത്തിൽ നിന്നും മലയാളത്തെ നെഞ്ചോട് ചേർത്ത് പിടിക്കുന്ന മലയാളികളുടെ ഒരു സമൂഹത്തെ നാം സൃഷ്ടിക്കേണ്ടിയിരിക്കുന്നു

നന്ദി, നമസ്കാരം

# എന്റ് സ്വന്തം നെപ്റ്റ്യൂൺ

(കത്ത്)

പ്രിയ കൂട്ടുകാരെ,

നിങ്ങൾക്കെല്ലാം സുഖമല്ലെ. ഇത് ഞാനാണ് നെപ്റ്റ്യൂൺ. നിങ്ങൾക്കെന്നെ വെറും കണ്ണുകൊണ്ടൊന്നും കാണാൻ കഴിയില്ല. ഈ കത്തിലൂടെ എന്റെ കുറച്ച് വിശേഷങ്ങൾ ഞാൻ നിങ്ങൾക്ക് പങ്കുവെക്കുന്നു.



നിങ്ങൾക്ക് എന്നെ കാണണമെങ്കിൽ

അല്പം ശക്തിക്രൂടിയ

ബൈനോകുലറിലൂടെയോ

ടെലസ്കോപ്പിലൂടെയോ നോക്കണം.

നിങ്ങളുടെസൗരയൂഥ ഗ്രഹങ്ങളിൽ

വലുപ്പത്തിൽ എനിക്ക് നാലാം

സ്ഥാനമാണുള്ളത്. ജലം, അമോണിയ,

മീഥേൻ, എന്നിവയാണ് എന്റെ

ശരീരത്തിലെ പ്രധാന ഘടകങ്ങൾ.

അതുകൊണ്ടുതന്നെയാണ് എനിക്കീ നീല

നിറവും. എനിക്കൊരു അകക്കാമ്പുണ്ട്.

അതിന് ഭൂമിയോളം വലുപ്പവും കാണും.

വളരെ കട്ടിക്കൂടിയ ഒരന്തരീക്ഷമാണ്

എനിക്കുള്ളത്. അതിനകത്തു

സദാസമയവും കൊടുംകാറ്റാണ്.


എനിക്കിവിടെ ഒരു ദിവസത്തിന് 16

മണിക്കൂറാണ്. പക്ഷെ എന്റെ ഒരു വർഷം നിങ്ങളുടെ 164 വർഷമാണ്.

നിങ്ങളുടെ വർഷം 1846-ലാണ് എന്നെ നിങ്ങൾ കണ്ടുപിടിച്ചത്. എനിക്ക് 6 വലയങ്ങളാണ് ഉള്ളത്. പക്ഷെ അതൊക്കെ ശനിയേട്ടന് ഉള്ളതുപോലെ അത്ര ഭംഗിയുള്ളതല്ല. ഭൂമിയിലുള്ളതുപോലെയൊന്നും അല്ലെങ്കിലും ഋതുഭേതങ്ങളൊക്കെ ഇവിടെയുമുണ്ട്. പതിനാലോളം ചന്ദ്രൻമാർ എനിക്കുണ്ടെങ്കിലും എടുത്തു പറയത്തക്ക വലുപ്പമുള്ള ചന്ദ്രൻ ട്രിറ്റൺ മാത്രമാണ്.



സൗരയുഥത്തിലെ ഏറ്റവും തണുപ്പുള്ള പ്രദേശം ഈ ചന്ദ്രനിലാണെന്നകാര്യം കൂട്ടുകാർക്കറിയാമോ? ഹിമ അഗ്നി പർവ്വതങ്ങൾ എന്ന രസകരമായ സംഭവമവിടെയുണ്ട്. ഭ്രാവീകൃത



പദാർത്ഥങ്ങൾ ആകാശത്തേക്ക് തെറിക്കുകയും അവ ഹിമ കണ്ണങ്ങളായി ചിതറിവീഴുകയും ചെയ്യുന്ന ഒരു

വർണ്ണപ്രതിഭാസമാണിത്. എന്നെപറ്റി കാര്യമായി പഠിച്ചിട്ടുള്ള നിങ്ങളുടെ ഒരേയൊരു ബഹിരാകാശ പേടകം വോയേജർ 2 മാത്രമാണ്. എന്റെയും എന്റെ ചന്ദ്രൻമാരുടെയും ഇവിടുത്തെ കൊടുംകാറ്റിന്റെയും മറ്റ ചിത്രങ്ങൾ വോയേജർ നൽകിയത് കൂട്ടുകാർ ശേഖരിക്കുമല്ലോ.

എന്ന് സ്വന്തം

നെപ്ട്യൂൺ.

# വളരുന്ന ലോകം

## വരളുന്ന ഭൂമി (കവിത)



ആവോളം കുടിപ്പാനായ്
ഉണ്ടായ ശുദ്ധജലം
കാശു കൊടുത്തിട്ടും
കിട്ടുവാനില്ലിപ്പോൾ

നികത്തുന്നു പൊന്നു
വിളയിച്ച പാടങ്ങൾ
വെട്ടുന്നു വെറിപൂണ്ട്

ക്രൂരിതരുൾ വന്നങ്ങളും
സർവ്വസഹായാകും
ഭൂമിയുടെ മാറിൽ
കത്തിയിറക്കി കയറ്റുന്നു
മാളികകൾ



വരളുന്ന ഭൂമിക്കു
ദാഹജലം നൽകുവാൻ
കഴിയുമോ നമ്മുടെ
ശാസ്ത്ര ലോകത്തിന് ?


പെരുകുന്നു ജനങ്ങളും
ഒപ്പം ദാരിദ്ര്യവും
പെരുകുമോ ഒരു തുണ്ട്
ഭൂമി അതിനൊപ്പം



തടയുക ജനപ്പെരുപ്പത്തെ
നിർത്തുക ആർത്തിയെ
ഇല്ലായ്കിൽ വലയും നാം
ഉണ്ടാകും കണ്ണുനീർ തുള്ളികൾ

# കടലാസിലെ കുത്ത്

(കഥ)



രവിമാഷിന്റെ ക്ലാസ്സ് അന്ന് നേരത്തെ കഴിഞ്ഞു. മാഷും കുട്ടികളും അൽപസമയം പുറത്തേക്കിറങ്ങി. അപ്പോൾ മാഷ് ഒരു വെള്ളകടലാസെടുത്ത് അതിനു നടുവിൽ കറുത്ത പേനകൊണ്ട് ഒരു കുത്തിട്ടു. എന്നിട്ട കടലാസ് ഉയർത്തിപിടിച്ചിട്ട് ഒരു കുട്ടിയോട് ചോദിച്ചു. "എന്താണ് നിങ്ങൾ കാണുന്നത് ?"" കടലാസിനു നടുവിൽ ഒരു കറുത്തകുത്ത് " കുട്ടിമറുപടിപറഞ്ഞു. " ശരി നീ എന്താണ് കാണുന്നത് ?" രവിമാഷ് അടുത്ത കുട്ടിയോട് ചോദിച്ചു. " കറുത്ത കുത്തു തന്നെ" അവനും അതെ മറുപടിയായിരുന്നു." മറ്റൊന്നും നിങ്ങൾ കാണുന്നില്ലേ? " ,അദ്ദേഹം എല്ലാവരോടുമായി ചോദിച്ചു. " ഇല്ല സർ,!"

കുട്ടികൾ ഒന്നടങ്കം പറഞ്ഞു.

അപ്പോൾ മാഷ് പറഞ്ഞു "ഈ വെള്ളക്കടലാസ് നിങ്ങൾ എല്ലാവരും കണ്ടു എന്നുറപ്പാണ്. പക്ഷേ അതിനെ അവഗണിച്ചിട്ട് കടലാസിനു നടുവിലെ കറുത്തകുത്തിൽ മാത്രം നിങ്ങൾ ശ്രദ്ധിച്ചു. " ഒന്നു നിറുത്തിയിട്ട് മാഷ് തുടർന്നു." ജീവിതത്തിലും നമ്മൾ ഇതുപോലെയാണ്. നമുക്കു ചുറ്റുമുള്ള പല നല്ല കാര്യങ്ങളും നമ്മൾ കാണാറില്ല. പകരം നമ്മുടെ ശ്രദ്ധയും ചിന്തയുമെല്ലാം ഈ ചെറിയ കുത്തിന്റെ മാത്രം വലുപ്പമുള്ള നിസ്സാര പ്രശ്നങ്ങളിലേക്കായിരിക്കും. ശരിക്കും ജീവിതത്തിലെ ചില പ്രശ്നങ്ങൾ ഈ ചെറിയ കുത്തിന്റെയത്രയുമേയുള്ളൂ. നമ്മൾ അതിൽതന്നെ നോക്കുന്നതുകൊണ്ടാണ് അതുതന്നെ കാണുന്നത്. നമ്മുടെ ശ്രദ്ധയും ചിന്തയുമെല്ലാം വിശാലമാക്കി നോക്കൂ. ജീവിതം സന്തോഷകരമാക്കാം."

# രാത്രി (കവിത)

രാത്രിയ്ക്ക്

ചിലതൊക്കെ പറയാനുണ്ട്
പ്രണയമേന്തിയ
മനസുകളുടെ സംഗമവും
മധു നുകർന്ന
അനശ്വര നിമിഷങ്ങളും.......
രാത്രി
കവിത പോലെ
ഇടറുന്ന മനസ്സിൽ തേങ്ങലുകൾക്ക്
നിശ്ശബ്ദ സാന്ത്വനം.....!
ഇരുട്ടിന്റെന്തു ചന്തം.....!
മൂകനായി ഏകനായ്
നിന്നോരത്തിരിക്കാൻ
നിൻ മൃദു മന്ദഹാസം
വിരിയും
താരകങ്ങളോടു കിന്നാരം ചൊല്ലി


കുട്ടിരിക്കാനെന്ത് രസം
എന്ത് ചന്തമാണെന്നോ
ഈ രാത്രിയിൽ



ഉഴയുന്ന നൊമ്പരങ്ങൾ
പുതു വസന്തമായ്
മാറ്റമി ഇരുളിൽ.......!
രാത്രിതൻ ഗന്ധം
സ്നേഹഗന്ധം പോൽ
എൻ മനസിലിനിയീ-
രാത്രിയോടീ പ്രണയം



# അച്ഛനും

# മകളും (കഥ)

അച്ഛനും മകളും പട്ടം പറത്തുന്നതിനിടയിൽ അച്ഛൻ മകളോട് ചോദിച്ചു. "മോളേ ഒരു ചോദ്യം ഇതിന്റെ ശരിയായ ഉത്തരം നീ പറയണം. പട്ടം പറത്തുമ്പോൾ നൂലിന്റെ ജോലി എന്താണ് ?" "നൂലാണ് അച്ഛാ ആ പട്ടത്തിനെ പറക്കാൻ അനുവദിക്കാതെ വലിച്ചു പിടിച്ചിരിക്കുന്നത്" മകൾ പെട്ടെന്നു തന്നെ ഉത്തരം പറഞ്ഞു. അച്ഛൻ




"അല്ല മോളെ നൂലാണ് ആ പട്ടത്തിന് ലക്ഷ്യം തെറ്റാതെ പറക്കാൻ അവസരം ഒരുക്കി കൊടുക്കുന്നത്. മകൾ ഇതു കേട്ട് പരിഹാസരൂപേണ ചിരിച്ചു. അത് കണ്ട

അച്ഛൻ ഒരു കത്രിക കൊണ്ട് ആ നൂല് മുറിച്ചു. നിയന്ത്രണം വിട്ട ഉടനെ ആ പട്ടം ലക്ഷ്യമില്ലാതെ കുറച്ചു പറന്ന് കുത്തനെ മറിഞ്ഞ് മറിഞ്ഞ് കീറിപ്പറിഞ്ഞ് താഴേക്ക് പതിച്ചു. ഇത് നോക്കി നിന്ന മകളോട് അച്ഛൻ പറഞ്ഞു "മോളേ ഇതാണ് സത്യാവസ്ഥ......നൂല് പട്ടത്തെ പറക്കാൻ അനുവദിക്കാതെ വലിച്ചു പിടിച്ചിരിക്കുന്നതായി നിനക്കു തോന്നി... നൂലിന്റെ നിയന്ത്രണം വിട്ടാൽ പട്ടം സ്വതന്ത്രമാകുമെന്നും നീ വിശ്വസിച്ചു. എന്നാൽ ആ സ്വാതന്ത്ര്യം എത്ര താൽക്കാലികമാണെന്ന് നിനക്ക് മനസ്സിലായില്ലേ ? നീ എന്ന പട്ടത്തിനെ നിയന്ത്രിക്കുന്ന നൂലാണ് ഈ അച്ഛൻ. എന്റെ നിയന്ത്രണത്തിൽ നിനക്ക് എത്ര ഉയരത്തിലും പറക്കാം. സ്വതന്ത്രമായി പറക്കാമെന്ന വ്യാമോഹത്തിൽ എന്നെ നീ അറുത്ത് വിടല്ലേ......."

# ഗുരു ദക്ഷിണ (കവിത)

ഹേ മനുഷ്യാ,
നിൻ വീടുകൾ ഒലിച്ചുപോയി
നിൻ ഉറ്റവർ നിന്നെ വിട്ടു
പോയി, നിൻ സമ്പത്തെല്ലാം
ഒലിച്ചു പോയി



നിനക്കുള്ളതെല്ലാം ഞാനെടുത്തു
ഇതിനു കാരണം,
നീ തൻ ഗുരുക്ഷണത്തിൽ
പഠിച്ച പാഠം
ഇതെല്ലാം എൻ ഗുരുദക്ഷിണമാത്രം
അത് താങ്ങാൻ നിനക്കു
ത്രാണിയില്ല മനുഷ്യാ......

# പാൽക്കാരിയുടെ സ്വപ്നം

(കഥ)

ഗീത ഒരു യുവതിയായിരുന്നു. അവൾ അവളുടെ അമ്മയോടൊപ്പം ഒരു ഗ്രാമത്തിലാണ് താമസിച്ചിരുന്നത്. ഗീത ഒരു പാൽക്കാരിയായിരുന്നു. അവൾക്ക് രണ്ടു പശുക്കൾ ഉണ്ടായിരുന്നു. അവൾ എന്നും പാൽ കറന്ന് കുടത്തിലാക്കി അടുത്തുള്ള കടകളിലേക്ക് കൊണ്ടുപോകുമായിരുന്നു. മുഴുവൻ ദിവസവും പാൽവിറ്റ് അവസാനം വൈകിട്ട് അവൾ വീട്ടിലെത്തുമായിരുന്നു. ഗീത പശുക്കളെ നന്നായി നോക്കുമായിരുന്നു. ആവൾ അവറ്റകൾക്ക് നല്ല ആഹാരം കൊടുക്കുകയും കുളിപ്പിച്ച് വൃത്തിയാക്കുകയും ചെയ്യുമായിരുന്നു. അമ്മക്ക് ഗീതയെ വളരെ ഇഷ്ടമായിരുന്നു.

പക്ഷെ ഗീതയ്ക്ക് പകൽ സ്വപ്നം വരുമായിരുന്നു. അവൾ വളരെ അധികം പണക്കാരിയാകുന്ന സ്വപ്നം. അവളുടെ ഈ പകൽ സ്വപ്നം അവളെ എന്നും കുഴപ്പത്തിലാക്കുമായിരുന്നു. ഒരു ദിവസം അമ്മ പറഞ്ഞു; "ഗീതാ പശുക്കൾ തൊഴുത്തിന് വെളിയിൽ വന്നു. അവരെ കാണാതാകും.




നീ എന്താ അവരെ ഒട്ടും ശ്രദ്ധിക്കാത്തത്."
അപ്പോൾ ഗീത പറഞ്ഞു: "ഓ ക്ഷമിക്കണം അമ്മേ ഞാൻ സ്വപ്നം കാണുകയായിരുന്നു".

അമ്മ പറഞ്ഞു: "എനിക്കറിയാം നീ എന്താണ് ആലോചിക്കുന്നതെന്ന് . എപ്പോഴും പണക്കാരിയാകുന്നത് സ്വപ്നം കാണുന്നു. നീ അതിനായി നന്നായി പണിയെടുക്കണം. സ്വപ്നം കണ്ടതുകൊണ്ട് മാത്രം പണക്കാരിയാവുകയില്ല. പകൽ സ്വപ്നം കാണുന്നതിന് നിനക്ക് നല്ല വിലകൊടുക്കേണ്ടി വരും." പക്ഷെ ഗീത അത് ചെവി കൊണ്ടില്ല. അവളുടെ പകൽ സ്വപ്നം ഒരിക്കലും നിന്നില്ല. ഒരു ദിവസം പാൽ വിൽക്കാനായി ഗീത വീട് വിട്ടിറങ്ങിയതും അമ്മ അവളെ അടുക്കളയിലേക്ക് വിളിച്ചു. എന്നിട്ട് അമ്മ പറഞ്ഞു:" നിൽക്കു എന്റെ മോളെ നീ ഇന്ന് നഗരത്തിലേക്ക് പാൽ വിൽക്കാൻ പോകണമെന്നില്ല .ഗീത ചോദിച്ചു . അതെന്താ

അമ്മേ.? അമ്മ പറഞ്ഞു." നമ്മുടെ അയൽ ഗ്രാമത്തിൽ നാളെ ഒരു വലിയ കല്യാണം നടക്കുന്നുണ്ട് . നാട്ടുപ്രമാണി അവരുടെ മകളുടെ കല്യാണം ആഘോഷിക്കുകയാണ്. അടുത്തുള്ള ഗ്രാമത്തിലെ എല്ലാ വേണ്ടപ്പെട്ട ആളുകളും നാളെ കല്യാണം കൂടാൻ വരും മനസ്സിലായോ? ഗീത അത്ഭുതപ്പെട്ടുകൊണ്ട് പറഞ്ഞു. "കല്യാണമോ"? "അതൊരു വലിയ കാര്യമായിരിക്കും. പക്ഷെ ആമ്മേ നമ്മൾ പാൽ എന്തുകൊണ്ട് വിൽക്കണ്ടേ? നാട്ടുപ്രമാണിക്ക് ദേഷ്യം വരുമോ"? അമ്മ ചിരിച്ചുകൊണ്ട് പറഞ്ഞു."ഇല്ലെന്റെ പുന്നാര മോളേ. നാട്ടുപ്രമാണി അയാളുടെ പാചകക്കാരനോട് എല്ലാവിധത്തിലുമുള്ള പലഹാരങ്ങൾ ഉണ്ടാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട് .അവർ

എന്നോട് ഒരു കുടം പാൽ കൊണ്ടുകൊടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഗ്രാമത്തിൽ നിന്ന് കിട്ടുന്നതിന്റെ രണ്ടിരട്ടി തരാം എന്ന്പറഞ്ഞിട്ടുണ്ട്". രണ്ടിരട്ടികാശുകിട്ടുമെന്ന് പറഞ്ഞപ്പോൾ ഗീതക്ക് സന്തോഷം അടക്കാൻ കഴിഞ്ഞില്ല. അവൾ പറഞ്ഞു. "ഇരട്ടി കാശ്ശോ?" അമ്മേ നാളെ ഞാൻ ആ കല്യാണത്തിന് പെയ്ക്കോട്ടെ? ഞാൻ ഉള്ളതിൽ നല്ല ഉടുപ്പിട്ട് തലയുയർത്തി നടക്കും. അമ്മ പറഞ്ഞു . ഓ വെറുതെ ഓരോ ആകാശക്കോട്ട കെട്ടാതെ അവളുടെ നേരെകുടം നീട്ടിക്കൊണ്ട് അമ്മ പറഞ്ഞു. "ഓർത്തോ ഒരൊറ്റ തുള്ളി പാൽ പോലും തറയിൽ വീഴരുത്. അവൾ കുടവും തലയിൽ വെച്ച് വീട്ടിൽ നിന്നും പുറപ്പെട്ടു. ഗ്രാമത്തിലേക്ക് പോകുന്ന വഴികൾ വളരെ

ഭംഗിയുള്ളതായിരുന്നു . അവൾ സ്വപ്നം കാണാൻ തുടങ്ങി. അവൾ പറഞ്ഞു,"ഞാൻ ഈ പാൽ വിറ്റ് കുറെ കോഴികളെ വാങ്ങും അവ മുട്ടയിട്ട് ഉണ്ടാകുന്ന കുഞ്ഞുങ്ങളെ വിറ്റ് ഞാൻ കുറേ പൈസ ഉണ്ടാക്കും. ഞാൻ നാട്ടു പ്രമാണിയെക്കാൾ വലിയ ആൾ ആകും. അങ്ങനെ കുറേ പണക്കാരായ ആളുകൾ എന്നെ കല്യാണം കഴിക്കാൻ വരും. ഞാൻ പറയും "ഇല്ലാ " ഗീത ഇല്ലാ എന്ന് പറയുന്നത് സ്വപനം കണ്ടപ്പോൾ അവൾ അവളുടെ തലയാട്ടി. തലയുടെ മുകളിലുള്ള പാൽ കുടം തറയിൽ വീണു. കുടം കഷ്ണങ്ങളായി മാറി. പാൽ മുഴുവൻ തറയിൽ ഒഴുകി. അവൾ അവിടെ ഇരുന്ന് കരയാൻ തുടങ്ങി. അവൾ സങ്കടപ്പെട്ടുകൊണ്ട് പറഞ്ഞു." അയ്യോ, ഇനി

എന്നു പറയും "ഗീത ഒരു ശബ്ദം മാത്രം കേൾക്കുന്നുണ്ടായിരുന്നു. അത് അവളുടെ അമ്മയുടേതായിരുന്നു "ആകാശത്തിലൊരിക്കലും കോട്ട കെട്ടരുത്".

# എന്റെ പ്രണയം (കവിത)

എന്റെ പ്രണയം നിന്നോടായിരുന്നു
അകലുവാൻ കാരണങ്ങൾ
നീ തേടുമ്പോൾ
നിന്നിലേക്ക് അടുക്കുവാൻ
ഓർമ്മകൾ എന്നെ
പറയുവാൻ കാത്തുവെച്ചതെല്ലാം
മൗനമായി മാറുന്നു
കേൾക്കുവാൻ നീ ഇല്ലാതെ പോയപ്പോൾ



എന്റെ പ്രണയം നീയായിരുന്നു
നീ അറിഞ്ഞാലും
അറിഞ്ഞില്ലെന്നു നടിച്ചാലും
എന്റെ പ്രണയം അവസാനിക്കുന്നു....



# കള്ളന്റെ മനംമാറ്റം

( കഥ )

നല്ലവരായ ജനങ്ങളും നീതിമാനായ രാജാവുമുള്ള നാടായിരുന്നു ധർമ്മപുരം. കള്ളമോ കലഹമോ ഇല്ലാത്ത നാട്. ഒരിക്കൽ കനകൻ എന്നൊരു കള്ളൻ ധർമ്മപുരത്തെത്തി. "മോഷണമില്ലാത്ത നാടോ? എങ്കിൽ ഇവിടുത്തെ കൊട്ടാരത്തിൽത്തന്നെ മോഷണം നടത്താം! ഹ...ഹ..."കനകൻ തീരുമാനിച്ചു. അന്നു രാത്രി അയാൾ കൊട്ടാരത്തിൽ ഒളിച്ചുകയറി. രാജാവ് ഉറങ്ങിയിരുന്നില്ല. കനകൻ അനങ്ങാതെ മറഞ്ഞുനിന്ന് രാജാവും രാജ്ഞിയുമായുള്ള സംസാരം ശ്രദ്ധിച്ചു." റാണി, നമ്മുടെ

ഖജനാവിൽ അവശ്യത്തിന് സ്വർണമുണ്ട്.
അതിൽ പകുതി നദിതീരത്തെ സന്യാസിമാർക്ക്
ധാനം ചെയ്യാം. നല്ല തീരുമാനം തന്നെ."
രാജ്ഞ്ഞി പറഞ്ഞു. മറഞ്ഞിരുന്ന കനകന്
പെട്ടന്നൊരു സൂത്രം തോന്നി. എന്തിന്
മോഷണം നടത്തി ബുദ്ധിമുട്ടണം? സന്യാസിയുടെ
വേഷംകെട്ടി നദീതീരത്ത് പോകാം. പണം
രാജാവ് ദാനം തരുമല്ലോ!"

പിറ്റേന്നുതന്നെ കനകൻ വേഷം
മാറി നദീതീരത്തെത്തി അവിടെയുള്ള
സന്യാസിമാർക്കൊപ്പം കൂടി.
വൈകുന്നേരമായപ്പോൾ
രാജാവ് എത്തി .
സന്യാസിമാരോട് അദ്ദേഹം



തന്റെ തീരുമാനം അറിയിച്ചു. പക്ഷേ , സന്ന്യാസിമാർ ആരും ധാനം ഏറ്റു വാങ്ങാൻ തയ്യാറായില്ല. "ക്ഷമിക്കു എല്ലാ സമ്പാദ്യങ്ങളും ഉപേക്ഷിച്ച ഞങ്ങൾക്ക് ഇനി പൊന്നും പണവും ആവശ്യമില്ല. അതിനാൽ അത് അങ്ങുതന്നെ പാവങ്ങൾക്ക് വിതരണം ചെയ്യു" സന്ന്യാസിമാർ  പറഞ്ഞു. രാജാവ് എത്ര അപേക്ഷിച്ചിട്ടും സന്ന്യാസിമാരുടെ തീരുമാനം മാറിയില്ല. അപ്പോൾ കനകൻ മുന്നോട്ടുവന്ന് പറഞ്ഞു, "ഇതെല്ലാം സ്വീകരിക്കാൻ ഞാൻ തയ്യാറാണ്." അതുകേട്ട് രാജാവ് ആ സന്ന്യാസിയുടെ കാൽക്കൽ താണു വണങ്ങി. "അങ്ങ് ഈ ധനം എറ്റെടുത്തതോടെ അത് നല്ല കാര്യങ്ങൾക്ക് ഉപയോഗിക്കപ്പെടും എന്ന് എനിക്ക് ഉറപ്പായി, എന്നെ അനുഗ്രഹിച്ചാലും."

രാജാവ് അപേക്ഷിച്ചു. കനകൻ ഞെട്ടിപ്പോയി. നാടു വാഴുന്ന രാജാവ് തന്റെ കാൽക്കൽ വീഴുകയോ! അയാൾ ആലോചിച്ചു

സന്യാസിയുടെ വേഷം കെട്ടിയ എനിക്ക് എന്തൊരു ബഹുമാനമാണ് ലഭിക്കുന്നത്. അങ്ങനെ കനകനെന്ന കള്ളൻ സന്യാസിയായി.

എല്ലാവരുടെയും ഉള്ളിൽ ഒരു നല്ലവനുണ്ട്. അത് തിരിച്ചറിയാതെ പോകരുത്.

# സൗഹൃദം

(കവിത)

സൃഹൃത്തിൽ മാധുര്യം ഒരുനാളും മറയുകയില്ല
ആ സുന്ദര സ്മരണകൾ മായുകയില്ല
വിട ചൊല്ലി പിരിയവെ ഒരു പിൻ വിളി
ആ പഴയ സൃഹൃത്തിന്റെ കയ്യൊപ്പിലായ്
ഇന്നു ഞാനെത്തി നിൽക്കുന്നിതാ
വിശ്രമമില്ലാത്ത ഘടികാരമായ്
ഈ പടിമുറ്റത്ത് നിന്നിറങ്ങും



ആഘാതമേൽക്കുന്ന നിമിഷങ്ങളിനിയും

എങ്കിലും ഓർക്കുവാൻ ഓർമ്മയിലായ്

എന്നെന്നും കാത്ത് നിൽപ്പതുണ്ട്

കർമ്മ ഫലത്താൽ കൂടപ്പിറപ്പായ്

അവനാണെൻ സുഹൃത്ത്

ആ രക്തബന്ധമാണെൻ സൗഹൃദം

ഏറെ ആഴത്തിലായ്......

# ഡോ.എ. പി. ജെ. അബ്ദുൽ കലാം (1931–2015) (നേട്ടങ്ങൾ)



പ്രമുഖ ഇന്ത്യൻ ഭൗതിക ശാസ്ത്രജ്ഞനായ ഇദ്ദേഹം 2002 മുതൽ 2007 വരെ ഇന്ത്യയുടെ രാഷ്ട്രപതിയായിരുന്നു. ശുഭപ്രതീക്ഷയുള്ള ഒരു പരിശ്രമശാലി എന്ന നിലയിൽ മറ്റുള്ളവർക്ക് പ്രചോദനം നൽകുന്ന തരത്തിൽ എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നു. 1931-ൽ തമിഴ്നാട്ടിലെ രാമേശ്വരത്താണ് ജനിച്ചത്. ഭാരതരത്നം ബഹുമതി ലഭിച്ചിട്ടുണ്ട്. അഗ്നി "ചിറകുകൾ" പ്രധാന ക്രിതിയാണ്. 2015 ൽ കലാം അന്തരിച്ചു.

# കാട്ടു പൂവ്

( കവിത )

ചിതറിത്തെറിക്കുന്ന ചിന്തകളിൽ എപ്പോഴും
നിന്റെയീ പുഞ്ചിരിയൊന്നു മാത്രം
മഴവില്ലുപോലെ നീ മനസ്സിൽ തെളിയുമ്പോൾ
ഉണരുന്നു എന്നിലെ മോഹങ്ങളും



കൃഷ്ണ തുളസി കതിർത്തുമ്പുമോഹിക്കും
നിന്റെയീ വാർമുടി ചുരുളിലെത്താൻ
പൂജയ്ക്കെടുക്കാത്ത പൂവായ ഞാനും
മോഹിച്ചിടുന്നു നിന്നിലെത്താൻ

മണമില്ല മധുവില്ല പൂജക്കെടുക്കില്ല

താനേ വളർന്നൊരു കാട്ടുപ്പൂവാണു ഞാൻ

വിടരും മുമ്പേ പൊഴിയുന്ന ഇതളുള്ള

പൂജക്കെടുക്കാത്ത കാട്ടുപ്പൂവാണു ഞാൻ



ഇഷ്ടമാണെന്നൊന്ന് ചൊല്ലുവാൻ വേണ്ടി

നിത്യവും നിൻ മുമ്പിലെത്തിടുമ്പോൾ

നിന്റെ കൊലുസ്സിന്റെ നാദങ്ങളിൽ ഞാൻ

താനെ മറന്നൊന്നു നിന്നിടുന്നു



ഒന്നും പറയാതെയറിയാതെ പോയിടുന്നു

ഇഷ്ടമല്ലെന്നൊരു വാക്കു ചൊല്ലിയാൽ

വ്യർത്ഥമായിപ്പോകുമെൻ ജീവിതം



നീ നടക്കും വഴിയോരത്ത് എന്നെ


കണ്ടാൽ ചിരിക്കാതെ പോകരുതേ

നിന്റെയീ പുഞ്ചിരി മാത്രം മതി

എനിക്കിനിയുള്ള കാലം കാത്തിരിക്കാൻ...

# സ്റ്റീഫൻ ഹോക്കിങ്

(ജീവചരിത്രം)




ഇംഗ്ലണ്ടിലെ ഓക്സ്ഫഡിൽ ഫ്രാങ്ക് ഹോക്കിങ്ങിന്റെയും ഇസബെല്ലിന്റെയും മകനായി 1942 ജനുവരി 8-ാം തീയതി സ്റ്റീഫൻ ഹോക്കിന്റെ ജനനം . ഗവേഷകനായിരുന്നു അച്ഛൻ ഫ്രാങ്ക് ഹോക്കിങ്.കുഞ്ഞുനാളിലൊന്നും മകൻ സ്റ്റീഫൻ ഹോക്കിങ് പഠനത്തിൽ വലിയ താത്പര്യം കാണിച്ചിരുന്നില്ല . വീട്ടിലെ ക്ലോക്കും റേഡിയോയും തുറന്ന് അതിനുള്ളിലെ യന്ത്രഭാഗങ്ങൾ അഴിച്ചെടുത്ത് വീണ്ടും ഘടിപ്പിക്കലായിരുന്നു കുഞ്ഞുസ്റ്റീഫന്റെ ഇഷ്ട

വിനോദം . ശാസ്ത്ര രഹസ്യങ്ങളോടുള്ള അതിയായ താത്പര്യം കാരണം അവനെ കൂട്ടുകാർ "ഐൻസ്റ്റീൻ" എന്ന് വിളിച്ചു . കണക്കും സയൻസുമായിരുന്നു സ്റ്റീഫൻ ഹോക്കിങ്ങിന്റെ ഇഷ്ട വിഷയങ്ങൾ . അച്ഛനും അമ്മയും പഠിച്ച ഓക്സ്ഫഡ് സർവകലാശാലയിൽ തന്നെ അവർ ബിരുദ പഠനത്തിന് ചേർന്നു .

## ജീവിതം മാറ്റിയ രോഗം



കോംബ്രിഡ്ജിൽ ഗവേഷണത്തിന് ചേരാനുള്ള ഒരുക്കങ്ങളുമായി ഓടി നടന്നിരുന്ന സ്റ്റീഫൻ ഒരുനാൾ പെട്ടന്ന് കുഴഞ്ഞുവീണു . 1962-ലായിരുന്നു അത് . ഡോക്ടർമാർ സ്റ്റീഫനോട്

കിളിക്കൂട് -Digital Magazine

ആ ഞെട്ടിക്കുന്ന സത്യം വെളിപ്പെടുത്തി . നാഡീ കോശങ്ങളെ തളർത്തുന്ന മാരകമായ അമിയോട്രോപ്പിക് ലാറ്ററൽ ക്ലീറോസിസ് (എ.എൽ.എസ്) അഥവാ മോട്ടർ ന്യൂറോ ഡിസീസസ്

എന്ന ഗുരുതരമായ രോഗം നിങ്ങളെ പിടികൂടിയിരിക്കുന്നു . താങ്കൾ ജീവിതത്തിൽ അവശേഷിക്കുമ്പോൾ ഇനി രണ്ടു വർഷത്തെ സമയം മാത്രം



മരണമടുത്തെന്ന സത്യമറിഞ്ഞ് പൊട്ടിക്കരയാനല്ല അവശേഷിക്കുന്ന സമയത്തിനുള്ളിൽ എന്തൊക്കെ ചെയ്യുമെന്ന് തീരുമാനിച്ചുറപ്പിക്കാനാണ് സ്റ്റീഫന് അപ്പോൾ

തോന്നിയത്. എന്റെ തലച്ചോറിനോ

ബുദ്ധിക്കോ എന്തെങ്കിലും സംഭവിക്കുമോ ?

സ്റ്റീഫൻ ഡോക്ടറോട് ചോദിച്ചു. കൈകാലുകൾ

അനക്കാതെ കിടപ്പിലാവുമെങ്കിലും മരണം

വരെ ഓർമ്മശക്തിക്കോ ചിന്തിക്കാനുള്ള

കഴിവിനോ യാതൊരു കുഴപ്പവും

സംഭവിക്കില്ലെന്ന് ഡോക്ടർമാർ ഉറപ്പുനൽകി .

## കഠിനാധ്വാനത്തിലൂടെ ഉയർച്ച

എല്ലാ സൗകര്യങ്ങളോടും കൂടിയ

ചക്രകസ്സേരയിലിരുന്ന . അദ്ദേഹത്തിന്റെ

പിൽകാല ജീവിതവും സംസാരശേഷി

പൂർണമായി നഷ്ടപ്പെട്ടു . വിരലുകൊണ്ട്

കീബോഡിൽ എഴുതുന്ന കാര്യങ്ങളെ

സംസാരമാക്കി മാറ്റുന്ന സ്പീച്ച്

സിന്തസൈസർ എന്ന ഉപകരണം അതിനുശേഷം ഹോക്കിങ്ങിന്റെ വീൽചെയറിൻ ഇടംപിടിച്ചു . സംസാരശേഷി ഇല്ലാത്ത ശാസ്ത്രജ്ഞൻ യന്ത്രത്തിന്റെ ക്രിത്രിമ ശബ്ദത്തിലൂടെയാണ് പിന്നീട് പ്രഭാഷണങ്ങൾ നടത്തിയത്. കുറച്ച് കഴിഞ്ഞപ്പോൾ വിരലിന്റെ ചലനവും നിലച്ചു . കവിളിലെ പേശകളുടെ ചലനം വായയെടുത്ത് ശബ്ദമാക്കി മാറ്റുന്ന ഉപകരണം അപ്പോൾ സഹായത്തിനെത്തി .

കോംബ്രിജിലെ ഗവേഷണകാലത്ത് മഹാ സ്ഫോടന സിദ്ധാന്തത്ത് തമോഗർത്തങ്ങളെ കുറിച്ചും അദ്ദേഹം പഠിച്ചു . ഹോക്കിങ്ങിന്റെ പ്രശസ്തി



ലോകമെങ്ങും പരന്നു. 1966-ൽ ഹോക്കിങ്ങ് ഡോക്ടറേറ്റ് നേടി.

- **<u>അംഗീകാരം</u>**

1947-ൽ സ്റ്റീഫൻ ഹോക്കിങ്ങ് റോയൽ സൊസൈറ്റിയിൽ അംഗമായി. "Theory of every thing " എന്ന പേരിൽ പ്രപഞ്ചത്തിന്റെ ഉൽപത്തിയെ സംബന്ധിച്ച സമഗ്രമായ സിദ്ധാന്തവും അദ്ദേഹം ആവിഷ്കരിച്ചു. ദൃശ്യ പ്രപഞ്ചത്തിൽ നിന്ന് ശാഖകളായി പിരിയുന്ന ശിശുപ്രപഞ്ചങ്ങൾ എന്ന ആശയവും ഹോക്കിങ്ങ് അവതരിപ്പിച്ചു. ആൽബർട്ട് ഐൻസ്റ്റൈന് ശേഷം ലോകത്ത് ജീവിച്ചിരിക്കുന്ന ഏറ്റവും പ്രഗല്ഭമായ മസ്തിഷ്കത്തിന്റെ ഉടമയെന്ന പേരിനർഹനായി

മാറി അദ്ദേഹം . രണ്ട് പേരുടെയും ഐ.ക്യു. 160 നിലവാരം ആണെന്ന് ഇതേപ്പറ്റി പഠനം നടത്തിയവർ കണ്ടെത്തി .

ജീവിച്ചിരിക്കുമ്പോൾതന്നെ ഹോക്കിങിന്റെ ബഹുമാനാർത്ഥം നിരവധി കെട്ടിടങ്ങൾക്ക് അദ്ദേഹത്തിന്റെ പേര് നൽകപ്പെട്ടു.

എൽസാൽവദോറിലെ സ്റ്റീഫൻ ഹോക്കിന്റെ സയൻസ് മ്യൂസിയം കേംബ്രിഡ്ജിലെ സ്റ്റീഫൻ ഹോക്കിങ് ബിൽഡിങ്, കാനഡ സർവകലാശാലയിലെ സ്റ്റീഫൻ ഹോക്കിങ് സെന്റർ തുടങ്ങിയ ചിലതുമാത്രം.



ഡോക്ടർ മാർ കുറിച്ചുനൽകിയ രണ്ടു വർഷം എന്ന കടമ്പ കടന്ന സ്റ്റീഫൻ

ഹോക്കിങ് ലോകം കണ്ട ഏറ്റവും പ്രശസ്തനായ ശാസ്ത്രജ്ഞനായി. 55 വർഷം പിന്നെയും ജീവിച്ചു .2018 മാർച്ച് 4-ന് തന്റെ 76-ാം വയസ്സിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം. കുഞ്ഞുനാളുകളിൽ അദ്ദേഹത്തിന്റെ വിളിപ്പേര് ക്രൂട്ടിയായിരുന്നു. ആൽബർട്ട് ഐൻസ്റ്റൈന്റെ ജൻമനാളായ മാർച്ച് 14-ന് തന്നെ ഹോക്കിങ് വിടപറഞ്ഞത് ശാസ്ത്രലോകത്തിന് അത്ഭുതമായി.

16-ാം വയസ്സിൽ സ്വന്തമായി COMPUTER തന്നെ അവൻ നിർമ്മിച്ചു.

# കുട്ടിയും തള്ളയും (കവിത)

(കുമാരനാശാൻ)

പൂക്കുന്നിതാ മുല്ല, പൂക്കുന്നിലഞ്ഞി ,
പൂക്കുന്നു തേന്മാവു , പൂക്കുന്നശോകം ;
വായ്ക്കുന്നു വേലിക്കു വർണ്ണങ്ങൾ , പൂവാൽ
ചോക്കുന്നു കാടന്തിമേഘങ്ങൾപോലെ .

എല്ലാടവും പുഷ്പഗന്ധം പരത്തി
മെല്ലെന്നു തെക്കുന്നു വീശുന്നു വായു ;
ഉല്ലാസമീ നീണ്ട കൂക്കൂരവത്താ -
ലെല്ലാർക്കുമേകുന്നിതേ കോകിലങ്ങൾ .

കാണുന്നിതാ രാവിലേ പൂവു തേടി
ക്ഷീണത്വമോരാത്ത തേനീച്ച കാട്ടിൽ
പോണേറെയുത്സാഹമുൾക്കൊണ്ടിവറ്റ -
ന്തോണം വെളുക്കുന്നതേതും ഷസ്ഥോയിതെല്ലാം ?

പാടങ്ങൾ പൊന്നിൻനിറംപൂണ്ടു, നീളെ -
പ്പാടിപ്പറന്നെത്തിയീത്തത്തയെല്ലാം
കേടറ്റ നെല്ലിൻ കതിർക്കാമ്പുകൊത്തി -
ക്കൂടാർന്ന ദിക്കോർത്തു പോകുന്നു വാനിൽ .

ചന്തം ധരക്കേറെയായ് ശീതവും പോ ,-
യന്തിക്കു പൂങ്കാവിലാളേറെയായി ;
സന്തോഷമേറുന്നു, ദേവാലയത്തിൽ
പൊന്തുന്നു വാദ്യങ്ങൾ—വന്നു വസന്തം !

നാകത്തിൽനിന്നോമനേ , നിന്നെ വിട്ടീ
ലോകത്തിനാനന്ദമേകുന്നിതീശൻ
ഈ കൊല്ലമീ നിന്റെ പാദം തൊഴാം ഞാൻ
പോകൊല്ല പോകൊല്ല പൂക്കാലമേ നീ !

ചിന്തിച്ചിളങ്കാറ്റതൻ നിസ്വനത്താ -
ലെന്തോന്നരുളുന്നു നീ ?—ഞാനറിഞ്ഞു ,
'എന്താതനാം ദേവനോതുന്നതേ ഞാ-
നെന്താകിലും ചെയ്യു 'വെന്നല്ലയല്ലീ ?

കിളിക്കൂട് -Digital Magazine

# പരിസ്ഥിതി ദിനം (ദിനത്തെക്കുറിച്ച്)



എല്ലാ വർഷവും ജൂൺ 5 ആണ് പരിസ്ഥിതി ദിനമായി ആചരിക്കുന്നത് . പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ചുള്ള അവബോധം വരുത്താനും കർമ പരിപാടികൾആസൂത്രണം ചെയ്യാനുമാണ് പരിസ്ഥിതി ദിനം ആചരിക്കുന്നത് ഐക്യരാഷ്ട്രസഭ ജനറൽ അസംബ്ലിയാണ് 1972 മുതൽ ഈ ദിനാചരണം ആരംഭിച്ചത്. ദിവസേന അന്തരീക്ഷത്തിൽ ചേരുന്ന . കാർബൺ ഡൈ ഓക്സൈഡ്,മീഥേൻ നൈട്രസ് ഓക്സൈഡ്, ക്ലോറോ ഫ്ലൂറോ



കാർബണുകൾ എന്നീ വാതകങ്ങളുടെ അളവ് കൂടിക്കൊണ്ടിരിക്കുന്നു . ഇവ ഓസോൺ പാളിയുടെ തകർച്ചക്ക് കാരണമാകുകയും തന്മൂലം ആഗോളതാപനം ഉണ്ടാക്കുന്ന ഗ്രീൻ ഹൗസ് വ്തകങ്ങൾ പരമാവതി കുറക്കാനുള്ള ശേഷി കൈവരിക്കുകയുമാണ് ഉദ്ദേശിക്കുന്നത്. 2011 ലോക ദിനത്തിപരിസ്ഥിതി ദിനത്തിൽ ആതിഥേയ രാജ്യമായി ഇന്ത്യയെ യു എൻ പ്രഖ്യാപിച്ചിരുന്നു ഇന്ത്യക്ക് ആദ്യമായാണ് ഈ അവസരം ലഭിച്ചത് 'beat plastic pollution' എന്നതാണ്.

# ലഹരി (കവിത)

ലഹരി എന്നത് മദ്യമോ.......?
ലഹരി എന്നത് മയക്കുമരുന്നോ.......?
ലഹരി എന്നത് പുകയിലയോ.......?
എനിക്കറിയില്ല  നിങ്ങൾ




ലഹരികൊണ്ടർഥമാക്കിയതെന്താണ്
എനിക്കറിയാം
ഒരു വനത്തിൽ നിന്നാണോ.......?
ഭ്രാന്തമായ രസം ലഭിക്കുന്നത്
അതാണവന്റ ലഹരി



എനിക്കൊന്നറിയാം
ലഹരിയതു മനുഷ്യനെ അവ-
നറിയാതെ നശിപ്പിക്കുമെന്ന്.

# മലയാളം മറക്കുന്ന മലയാളികൾ

(പ്രസംഗം)

മാന്യരേ,

ഇന്ന് ഞാനിവിടെ ' മലയാളം മറക്കുന്ന മലയാളികൾ' എന്ന വിഷയത്തെപ്പറ്റി അല്പകാര്യങ്ങൾ പറയുവാൻ വേണ്ടി ഈ



സമയം ഞാൻ വിനിയോഗിക്കുകയാണ് .

## മലയാളം മറക്കുന്ന മലയാളികൾ

എന്ന പറയുമ്പോൾ പെറ്റമ്മയെ മറക്കുന്ന മക്കളെന്നാണ് അർത്ഥം. മലയാളികളുടെ മാതൃഭാഷയാണ് മലയാളം ഇന്ന് മലയാളികളാൽ തന്നെ അവഗണിക്കപ്പെടുകയും അപമാനിക്കപ്പെടുകയും ചെയ്യുന്നതിന്റെ കാഴ്ചകളാണ് നമുക്ക് കാണാനാവുക. ഇതിലേറേ ആശ്ചര്യകരം മലയാളികളുടെ സ്വന്തം മാതൃഭാഷയായ മലയാളത്തെ ഔദ്യോഗിക ഭാഷയായി അംഗീകരിച്ചുകൊണ്ട് ഉത്തരവു പുറപ്പെടുവിച്ചത് ഈ അടുത്ത കാലത്താണ് എന്നതാണ് എന്നാൽ ഉത്തരവുകളും പരിഗണനകളുമെല്ലാം കാറ്റിൽപറത്തികൊണ്ട്

നമ്മുടെ ഭാഷയയെ എല്ലായിടവും അവഗണിക്കുന്നതിന്റെ അനുഭവങ്ങളാണ് ഔദ്യോഗികമായിത്തന്നെ ഇന്ന് മലയാളികളിൽ പലർക്കും മലയാളം എഴുതുവാനോ വായിക്കുവാനോ അറിയില്ല. പലരും അതിനുവേണ്ടി ശ്രമിക്കുന്നില്ല എന്നതാണ് സത്യം. എല്ലാവർക്കും അന്യഭാഷയിൽ പ്രാത്ഗമ്യം നേടിയാൽ മതി അച്ഛനമ്മമാർ "എന്റെ കുട്ടി ഇംഗ്ലീഷ് പഠിച്ചാൽ മതി മലയാളത്തിൽ സംസാരിച്ചാൽ കുട്ടികളും മലയാളത്തിൽ സംസാരിക്കും" അതുകൊണ്ട് അച്ഛനമ്മമാരുടെ സംഭാഷണം വരെ ഇംഗ്ലീഷിലായി. ഇംഗ്ലീഷ ഭാഷയെ ഒരക്കലും അവഹേളിക്കുകയല്ല ചെയ്യുന്നത് ഇംഗ്ലീഷും പഠിക്കണം. പക്ഷേ ഇംഗ്ലീഷ് മാത്രമായാൽ

മലയാളം ആര് പറയും. ഇംഗ്ലീഷ് മാത്രം സംസാരിക്കുന്ന സായിപ്പ് പറയുമോ? ഇല്ല

അങ്ങനെ നമ്മുടെ ഭാഷയില്ലാതാവും

പക്ഷെ നമ്മൾ മലയാളികൾ ഒരു തീരുമാനം എടുക്കണം. നമ്മൾ മലയാള ഭാഷയെ സംസാരിക്കു എന്ന്. അതെ നമുക്കൊന്നായി പറയാം നമ്മൾ മലയാളികളാണ്. മലയാള ഭാഷയുടെ മണിമുത്തുകൾ

ജയ്ഹിന്ദ്

# രക്ഷകസംഘം (കഥ)

പണ്ട് ഒരിടത്ത് രാമൻ എന്ന പേരുള്ള ദയാലുവായ മനുഷ്യൻ ജീവിച്ചിരുന്നു.അദ്ദേഹം സഹജീവികളോടെലാം അങ്ങേയറ്റം കരുണയോടെ പെരുമാറി.അറവു മൃഗങ്ങളെ വിലയ്ക്ക് വാങ്ങി മോചിപ്പിക്കുക എന്ന ദൗത്യവും രാമൻ ഏറ്റെടുത്തു . വേടന്റെ വലയിൽ കുടുങ്ങിയ പക്ഷികൾ. മുക്കുവന്റെ ചൂണ്ടയിൽ കുടുങ്ങിയ മീനുകൾ , ചതിയിൽ പെട്ട മൃഗങ്ങൾ എന്നിങ്ങനെ അനേകം ജീവജാലങ്ങൾ അദ്ദേഹത്തിന്റെ സൻമനസ്സ് മൂലം മരണത്തിൽ നിന്നും രക്ഷപ്പെട്ടിട്ടുണ്ട്. ചെറുതെന്നും മീനുകളെയും ചെറിയ കക്കകളെയും ആണ് ഇദ്ദേഹം കൂടുതൽ രക്ഷപ്പെടുത്തിയിട്ടുള്ളത്. അദ്ദേഹം കഴിയുന്നത്ര മീനുകളെയും കക്കകളേയും സ്വതന്ത്രരാക്കിയിരുന്നു. അതിനു പുറമേ അദ്ദേഹം ഉദ്ബോധന പ്രസംഗം നടത്തുകയും ചെയ്തു.ആ പ്രസംഗത്തിൽ ആ കൃഷ്ടരായി കുറേപേർ അഹിംസയുടെ മാർഗത്തിലേക്ക് തിരിഞ്ഞു.ഒരിക്കൽ രാമൻ ഒരു

കപ്പൽ യാത്ര നടത്തേണ്ടി വന്നു. തുടക്കത്തിൽ കടൽ ശാന്തമായിരുന്നു. അധികം കഴിയുന്നതിനു മുമ്പ് കടൽ ഇരമ്പി മറിയാൻ തുടങ്ങി. കപ്പിത്താന് നിയന്ത്രണം തെറ്റി തിരകളിലാടിയുലഞ്ഞ കപ്പൽ കടലിനടിയിലെ പാറയിൽ ഇടിച്ചു. വെള്ളം കയറി കപ്പൽ മുങ്ങുമെന്ന രാമൻ ഭയന്നു.

എങ്കിൽ അദ്ദേഹം ദൈവത്തെ സ്തുതിച്ചു കൊണ്ടിരുന്നു. അത്ഭുതം എന്ന് പറയട്ടെ കപ്പലിലേക്കുള്ള വെള്ള പാച്ചിൽ നിന്നു .കപ്പിത്താൻ ദൈവത്തിനു നന്ദി പറഞ്ഞ് കപ്പൽ കരയ്ക്കടുപ്പിച്ചു . അപ്പോഴാണ് രാമൻ കാണുന്നത് കപ്പലിന്റെ . പുറം ഭാഗത്തായി ഇളക്കു ചുറ്റും ചെറുമീനുകളും കക്കകളും പറ്റി പിടിച്ചിരിക്കുന്നു. തങ്ങളുടെ രക്ഷകനെ മരണത്തിൽ നിന്നും രക്ഷികാൻ കക്കകളും ചെറുമീനുകളും കണ്ടെത്തിയ വിദ്യ. അവരെ നന്ദിപൂർവം നോക്കവേ, രാമന്റെ കണ്ണുകൾ സന്തോഷത്താൽ നിറഞ്ഞൊഴുകി

# വയനാടിന്റെ വരങ്ങൾ

(യാത്രാവിവരണം)




ഉമ്മായുടെ ജോലിസ്ഥലത്തുനിന്നുമുള്ള ഉല്ലാസയാത്ര, ഞാനും അനിയത്തിയും കൂടി കൂടെപ്പോയി. ഞങ്ങൾക്കു കൂട്ടിന് സമപ്രായക്കാരായ വേറെയും കുട്ടികളുണ്ടായിരുന്നു. പുലർച്ചെത്തന്നെ ഒരു ടൂറിസ്റ്റ് ബസ്സിൽ ഞങ്ങൾ വയനാട്ടിലേക്ക് തിരിച്ചു.

കിളിക്കൂട് -Digital Magazine

# ആട്ടവും പാട്ടുമൊക്കെയായി വണ്ടി



വയനാടെത്തി. ആദ്യം തന്നെ എടയ്ക്കൽ ഗുഹയായിരുന്നു ലക്ഷ്യം. എടയ്ക്കൽ ഗുഹ ഒരു വല്ലാത്ത അനുഭൂതിയായയിരുന്നു. ഗുഹ കാണണമെങ്കിൽ ആദ്യം ഒരു വമ്പൻ മല കീഴടക്കണം. ഗഹയിലേക്കുള്ള മലയോരപ്പാതകളിൽ പലതരം ഭക്ഷ്യവസ്തുക്കളും, അലങ്കാര വസ്തുക്കളുമൊക്കെയുണ്ടായിരുന്നു. ഞങ്ങൾ പോയ സമയം മുളയിയുണ്ടാവുന്ന സമയമായിരുന്നു. അതുകൊണ്ട തന്നെ

മുളയരികൊണ്ടുള്ള പ്രത്യേക ഭക്ഷണസാധനങ്ങളും ഉണ്ടായിരുന്നു. മുളക



കാടുകളിൽ ചുറ്റപ്പെട്ടആ പാതകൾ തന്നെ വേറിട്ട ഒരനുഭവമായിരുന്നു. ക്ഷീണിച്ചവശരായെങ്കിലും ഞങ്ങളാമല കീഴടക്കി. ഭാവനയിലെ ഒരു ചെറിയ ഇരുട്ടുഗുഹയായിരുന്നു . പക്ഷേ ആ അത്ഭുതകാകാഴ്ച എന്നെ ശരിക്കും ഞെട്ടിച്ചു. ആ വലിയ പാറകളുടെ മനോഹാരിത അതിൽ കറിച്ചിട്ട എഴുത്തുകളായിരുന്നു. ആ

എഴുത്തുകൾക്കുള്ളിലെ രഹസ്യമറിയില്ലെങ്കിലും ആ കാഴ്ച എന്തുകൊണ്ടോ മനസ്സിനെ തണുപ്പിക്കുന്നുണ്ടായിരുന്നു. ഗുഹയുടെ പുറത്തും ഒത്തിരി അത്ഭുതങ്ങൾ കാണാം. ദൈവം നൽകിയ വയനാടിന്റെ അത്ഭുതങ്ങൾ.

# പ്രളയം

പ്രകൃതി നീ എന്തിനു കോപിച്ചു

നിൻ മനോഹാരിത എന്തിനു നശിപ്പിച്ചു

എല്ലാം എൻ പ്രവർത്തിയാലല്ലയോ

മാപ്പ് മാപ്പ് മാപ്പ്.........



പ്രളയം ഞങ്ങൾ തൻ അഹങ്കാരം എടുത്തു

നിൻ പ്രളയം ഞങ്ങളെ ഉണർത്തിയു

ഞങ്ങൾ തൻ ശാപം ക്ഷമിക്കണം

പ്രകൃതി........ അമ്മേ.......... മനോഹരി

ഒരിക്കൽ കൂടി ഞങ്ങളോട് ക്ഷമിക്കൂ.........





ALBUM

# സുരീലി ഹിന്ദി








16.01.2019
बुधवार
उद्घाटन _ समारोह
सुबह 10 बजे
सुरीली हिंदी
एस. वि. एच. एस. पालेमाड
उद्घाटक : प्रधान अध्यापिका
सबका स्वागत





# Hello English











# Seed





# നല്ല പാഠം





# കലോത്സവം





# ലിറ്റിൽ കൈറ്റ്സ്










# നന്ദി